"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കായംകുളം ഭാഗ്യക്കുറി സബ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.474/2025/TAXES തീയതി,തിരുവനന്തപുരം, 19-05-2025

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 13.12.2024-ലെ SLTY/3904/2023-MOD INFRA1 SL നമ്പർ കത്ത്

2. 27.02.2025 ലെ സ.ഉ.(സാധാ) നം. 177/2025/ടാക്സസ്.

**<u>ഉത്തരവ്</u>**

സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ മുകളിലത്തെ നിലയിൽ നിലവിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള വിവിധ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ കെട്ടിടങ്ങളുടെ താഴത്തെ നിലയിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടർച്ചയായി ഇത്തരത്തിലുള്ള 21 ജില്ലാ-സബ് ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം തത്വത്തിൽ അനുമതി നല്കിയിരുന്നു.

2. ആലപ്പുഴ ജില്ലയിലെ കായംകുളം ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി BSNL ന്റെ ഉടമസ്ഥതയിലുള്ള 1549.44 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം കണ്ടെത്തിയിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി കെട്ടിടത്തിന് ചരക്ക് സേവന നികുതി ഉൾപ്പെടെ പ്രതിമാസം ₹51,193/- (അൻപത്തി ഒന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) വാടകയും പ്രതിവർഷം 5% വാടക വർദ്ധനവുമാണ് BSNL ആവശ്യപ്പെടുന്നതെന്നും ടി വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് കായംകുളം ഭാഗ്യക്കുറി സബ് ഓഫീസ് ടി കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കണമെന്നും

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കായംകുളം ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി BSNL ന്റെ ഉടമസ്ഥതയിലുള്ള 1549.44 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം ചരക്ക് സേവന നികുതി ഉൾപ്പെടെ പ്രതിമാസം ₹51,193/- (അൻപത്തിയൊന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും ഓരോ വർഷവും 5% വാടക വർദ്ധനവ് വരുത്തുന്നതിനും അനുമതി നൽകികൊണ്ട് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (25.03.2025,15.05.2025 തിയ്യതികളിലെ 3077652/Exp.B1/139/2025-FIN പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി ( TAXES-H1/349/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 19-05-2025 11:38:52

സെക്ഷൻ ഓഫീസർ